DHARSANA
SERVICE SOCIETY

# ദർശന

**(സർവ്വീസ് സൊസൈറ്റി/ക്ലബ്ബ്)**

**വാർഷിക റിപ്പോർട്ട്**

## 2025-2026

2017 ഡിസംബർ പത്താം തീയതി ദർശന ക്ലബ്ബ് രൂപീകരിച്ചു. തൃശ്ശൂർ ദേവമാത സ്കൂളിൽ വച്ച് സോളമൻ അച്ചനാൽ രൂപീകരിക്കുകയും 2022 ജനുവരി 19ന് ട്രാവൻകൂർ-കൊച്ചി ആക്ട് പ്രകാരം ദർശന സർവ്വീസ് സൊസൈറ്റി രജിസ്ട്രേഷൻ ചെയ്യപ്പെടുകയും ചെയ്തു. ദർശന ക്ലബ്ബിൻറെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി 2024 ജനുവരി 11ന് ദർശന ക്ലബ്ബ് ട്രാവൻകൂർ-കൊച്ചി ആക്ട് പ്രകാരം തൃശ്ശൂർ അയ്യന്തോൾ കേന്ദ്രീകൃതമായി രജിസ്ട്രേഷൻ നടത്തുകയും ചെയ്തു. ഇതിനായി സഹകരിച്ച സി.എം.ഐ. ദേവമാത, സെൻറ്.പോൾ പ്രവശ്യകളുടെ പ്രൊവിൻഷ്യൽമാരെയും കൗൺസിലഴ്സിനെയും മറ്റു വൈദികരെയും മറ്റെല്ലാവരെയും നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു.

# ഭരണസമിതി അംഗങ്ങൾ

**ദർശന സർവീസ് സൊസൈറ്റിഭരണസമിതി അംഗങ്ങൾ**

**2025-2026**

- **പ്രസിഡൻറ് - റവ.ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ**
- **വൈസ് പ്രസിഡൻറ് - അഖിൽ കുമാർ**
- **സെക്രട്ടറി - ശ്രീമതി. മിനി ഔസേപ്പ്**
- **ജോയിൻറ് സെക്രട്ടറി - ശ്രീ. സെബു**
- **ട്രഷറർ - ശ്രീ. ജോസ് തേറാട്ടിൽ**

**മെമ്പേഴ്സ്**

- **, ഫാ.ആൻറണി ഫ്രാൻസിസ് സി.എം.ഐ**
- **ശ്രീമതി ബീന ഡേവിസ്**

# ദർശനോത്സവം 2025

2025 മാർച്ച് 23-ന് കൊരട്ടി ക്യൂൻ മേരിസ് പാരിഷ് ഹാളിൽ ദർശന സർവീസ് സൊസൈറ്റിയുടെയും ദർശന ക്ലബ്ബിന്റെയും വാർഷികാഘോഷമായ “ദർശനോത്സവം 2025” സംഘടിപ്പിച്ചു. ദർശനയുടെ സ്ഥാപക ഡയറക്ടറായ ഫാ. സോളമൻ കടമ്പാട്ടുപറമ്പിലിന്റെ ജന്മദിനാഘോഷം, 200-ാമത് സ്നേഹസംഗമം, ദർശന എക്സലന്റ് അവാർഡ് വിതരണം എന്നിവയും ചടങ്ങിന്റെ ഭാഗമായി നടന്നു.

ഭിന്നശേഷി മേഖലയിലെ മികച്ച പ്രവർത്തകരെയും കായികതാരങ്ങളെയും ആദരിച്ച് ദർശന എക്സലന്റ് അവാർഡുകൾ വിതരണം ചെയ്തു. മികച്ച ഭിന്നശേഷി പ്രവർത്തകനായി ജോയ് സി. ഒ., മികച്ച ഭിന്നശേഷി കായികതാരമായി സിജോൺ കെ. എ., മികച്ച ഭിന്നശേഷി വനിത പ്രവർത്തകയായി സൗമ്യ പ്രിൻസ്, മികച്ച പൊതുപ്രവർത്തകനായി അഭിൽ കെ. എ. എന്നിവരെ തെരഞ്ഞെടുത്തു.

ചാലക്കുടി എം.എൽ.എ. ടി. ജെ. സനീഷ് കുമാർ ജോസഫ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ മത, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുത്തു. ദർശന അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളും ദർശനോത്സവത്തിന്റെ ഭാഗമായി അരങ്ങേറി.




# പഠനോപകരണ കിറ്റ് വിതരണം - ഘട്ടം 1

2025 മെയ് 11-ന് ദർശന സർവീസ് സൊസൈറ്റിയുടെ ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ അമിഗോസ് കേന്ദ്രിയ വിദ്യാലയം എറണാകുളം ബാച്ച് 77/89-ന്റെ സഹകരണത്തോടെ 25 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റ് റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. പരിപാടി ഉദ്ഘാടനം ചെയ്തു.





# പഠനോപകരണ കിറ്റ് വിതരണം - ഘട്ടം 2

2025 മെയ് 31-ന് ഹോളി ഫാമിലി സ്കൂൾ, തൃശ്ശൂരിൽ നടന്ന ചടങ്ങിൽ ഒലിവിയ ഫർണിച്ചറിന്റെ സഹകരണത്തോടെ നൂറോളം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു. റവ. ഫാ. ലിന്റോ വെള്ളാനി സി.എം.ഐ. പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടെ ലഭിച്ച നാല് വീൽചെയറുകളും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.





# ജിഷോയ്ക്കും വീൽചെയർ സ്വന്തം

2025-ൽ ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിലും ശ്രീ ജോൺസന്റെ സഹകരണത്തോടെയും ചലനശേഷി പരിമിതിയുള്ള ജിഷോയ്ക്ക് വ്യക്തിഗത ഉപയോഗത്തിനായി ഒരു വീൽചെയർ വിതരണം ചെയ്തു. സ്വതന്ത്രമായ സഞ്ചാരത്തിനും ദൈനംദിന ജീവിത പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഈ സഹായം. ചടങ്ങിൽ ദർശന സർവീസ് സൊസൈറ്റി ഭാരവാഹികളും മറ്റ് സന്നദ്ധ പ്രവർത്തകരും പങ്കെടുത്തു.





# പങ്ക് - തൊഴിലധിഷ്ഠിത പരിശീലന പദ്ധതി

ദർശന സർവീസ് സൊസൈറ്റിയും ട്രെയിൻ ട്രസ്റ്റും സംയുക്തമായി ഭിന്നശേഷിക്കാർക്കായി 45 ദിവസത്തെ “പങ്ക്” തൊഴിലധിഷ്ഠിത പരിശീലന പദ്ധതി 2025 ജൂൺ 9-ന് ആരംഭിച്ചു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതി റവ. ഫാ. ലിന്റോ വെള്ളാനി സി.എം.ഐ. ഉദ്ഘാടനം ചെയ്തു.

തൊഴിൽ നൈപുണ്യ വികസനം, സ്വയംപര്യാപ്തത, തൊഴിൽ സാധ്യതകൾ വർധിപ്പിക്കൽ എന്നിവ ലക്ഷ്യമിട്ടുള്ള പരിശീലനത്തിന്റെ രണ്ടാം ബാച്ച് 2025 ജൂലൈ 24-ന് വിജയകരമായി സമാപിച്ചു. സമാപന സമ്മേളനം കോഴിക്കോട് ജില്ലാ വിജിലൻസ് ജഡ്ജി ഷിബു തോമസ് തേറാട്ടിൽ ഉദ്ഘാടനം ചെയ്തു. പദ്ധതി ഭിന്നശേഷിക്കാരായ യുവജനങ്ങളുടെ തൊഴിൽ സാധ്യതകളും സാമൂഹിക ശാക്തീകരണവും വർധിപ്പിക്കുന്തിന് സഹയകമായി.





# ഭിന്നശേഷിക്കാർക്കുള്ള നീന്തൽ പരിശീലനം

ദർശന ക്ലബ്ബിന്റെയും ദർശന സർവീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി 2025-ൽ നീന്തൽ പരിശീലന പരിപാടി ആരംഭിച്ചു. പുറനാട്ടുകര ജാസ്നോ എഡ്യു-സ്പോർട്സ് സ്വിമ്മിംഗ് പൂളിൽ സംഘടിപ്പിച്ച പരിശീലനം ഭിന്നശേഷിക്കാരായ വ്യക്തികളുടെ കായിക കഴിവുകൾ വികസിപ്പിക്കുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നതിനും ലക്ഷ്യമിട്ടായിരുന്നു.

പരിശീലന പരിപാടിയുടെ ഭാഗമായി പങ്കെടുക്കുന്നവർക്ക് ആവശ്യമായ നീന്തൽ പരിശീലന കിറ്റുകൾ ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. വിതരണം ചെയ്തു.





# രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്

ദർശന സർവീസ് സൊസൈറ്റിയുടെയും ട്രെയിൻ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ "പങ്ക്" തൊഴിലധിഷ്ഠിത പരിശീലന പദ്ധതിയുടെ ഭാഗമായി 2025 ജൂലൈ 19-ന് തൃശ്ശൂരിലെ പി.സി. തോമസ് കോച്ചിംഗ് സെന്ററിൽ ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

തൃശ്ശൂർ ജില്ലാ സബ് കലക്ടർ ശ്രീ അഖിൽ വി. മേനോൻ മുഖ്യപ്രഭാഷണം നടത്തി. ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിദ്യാഭ്യാസം, തൊഴിൽ, നിയമപരമായ സംരക്ഷണം, കുടുംബ പിന്തുണ എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ്ബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. പരിപാടിക്ക് നേതൃത്വം നൽകി.



# പങ്ക് പദ്ധതിയിലെ വിദ്യാർത്ഥികൾക്ക് തൊഴിലവസരം

ദർശന സർവീസ് സൊസൈറ്റിയുടെയും ട്രെയിൻ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ “പങ്ക്” തൊഴിലധിഷ്ഠിത പരിശീലന പദ്ധതിയുടെ ഭാഗമായി 2025 ജൂലൈ 5-ന് നാല് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരം ലഭിച്ചു. ബോബി ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ സഹകരണത്തോടെയാണ് വിദ്യാർത്ഥികൾക്ക് നിയമന ഉത്തരവുകൾ കൈമാറിയത്.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ തൊഴിൽസാധ്യതയും സാമ്പത്തിക സ്വയംപര്യാപ്തതയും വർധിപ്പിക്കുക എന്ന പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ ഈ നേട്ടം ശ്രദ്ധേയമായ മുന്നേറ്റമായി.





# തകർന്ന വീടിന് സഹായവുമായി ദർശന

കാറ്റും മഴയും മൂലം ഭാഗികമായി തകർന്ന വിധവയായ ശ്രീമതി ഓമനയുടെ ഭവനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ദർശന സർവീസ് സൊസൈറ്റി സാമ്പത്തിക സഹായം നൽകി. ദർശനയുടെയും സുമനസ്സുകളുടെയും സഹകരണത്തോടെ ഭവനത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ സാധിച്ചു.

പുനർനിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനെ തുടർന്ന് ദർശനയുടെ Our lady of Sorrows ഗ്രൂപ്പ് അംഗങ്ങളും ഭാരവാഹികളും ഭവനം സന്ദർശിക്കുകയും കുടുംബത്തിന് പിന്തുണയും ആശ്വാസവും നൽകുകയും ചെയ്തു. ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് സഹായം എത്തിക്കുക എന്ന ദർശനയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ പ്രവർത്തനം നടപ്പിലാക്കിയത്.



# ഏഴാമത് ദർശന നീന്തൽ മത്സരം

ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി സംഘടിപ്പിച്ച നീന്തൽ പരിശീലന പരിപാടിയുടെ സമാപനത്തോടനുബന്ധിച്ച് ഏഴാമത് ദർശന നീന്തൽ മത്സരം നടത്തി. ജാസ്നോ എഡ്യു സ്പോർട്സ് സെന്ററിൽ ഒരു മാസത്തിലേറെ നീണ്ടുനിന്ന പരിശീലനത്തിൽ പന്ത്രണ്ടോളം ഭിന്നശേഷിക്കാർ പങ്കെടുത്തു.

സമാപന സമ്മേളനം തൃശ്ശൂർ എക്സൈസ് ജോയിന്റ് ഡയറക്ടർ ശ്രീ കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. ജാസ്നോ എഡ്യു സ്പോർട്സ് മാനേജിംഗ് പാർട്ണർ ഡോ. സി. ജസ്റ്റിൻ ജോസ് അധ്യക്ഷത വഹിച്ചു. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും വിതരണം ചെയ്തു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ്ബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. പരിപാടിക്ക് നേതൃത്വം നൽകി.



# ഓണക്കിറ്റ് വിതരണം

ഓണാഘോഷങ്ങളുടെ ഭാഗമായി ദർശന സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2025 ആഗസ്റ്റ് 29-ന് തൃശ്ശൂർ ദേവമാതാ സ്കൂൾ ഓഡിറ്റോറിയത്തിൽ നിർധനരായ ഭിന്നശേഷിക്കാർക്കും വിധവകൾക്കുമായി ഓണക്കിറ്റ് വിതരണം സംഘടിപ്പിച്ചു. കാഴ്ചപരിമിതർ, വീൽചെയർ ഉപയോക്താക്കൾ, പൊക്കം കുറഞ്ഞവർ, വിധവകൾ എന്നിവർ ഉൾപ്പെടെ മുപ്പതോളം ഗുണഭോക്താക്കൾക്ക് ഓണക്കിറ്റുകൾ വിതരണം ചെയ്തു.

ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ്ബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. കിറ്റ് വിതരണം നിർവഹിച്ചു. ചടങ്ങിൽ ശ്രീമതി മിനി ഔസേപ്പ്, കുമാരി അൽഷി, ശ്രീ ജിസ്റ്റോ എന്നിവർ പങ്കെടുത്തു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭിന്നശേഷിക്കാർക്കും വിധവകൾക്കും ഓണക്കാലത്ത് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.



# ഓണാഘോഷം

ദർശന ക്ലബ്ബിന്റെയും ദർശന സർവീസ് സൊസൈറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബർ 3-ന് ഒല്ലൂർ ദർശന ഭവനിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ്ബ് ഡയറക്ടറുമായ റവ.ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്തു.

ഓണപ്പാട്ട്, കലാപരിപാടികൾ, ഓണക്കളികൾ എന്നിവ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് ഓണസദ്യയും നടത്തി. അംഗങ്ങൾ തമ്മിലുള്ള സൗഹൃദവും ഐക്യവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.



## ദർശന സിൽവർ സ്റ്റാലിയൻസ് ക്രിക്കറ്റ് ടീമിന്റെ പുനരാരംഭം

കാഴ്ചപരിമിതരായ കായികതാരങ്ങളുടെ ശാക്തീകരണത്തിനായി ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ദർശന സിൽവർ സ്റ്റാലിയൻസ് ക്രിക്കറ്റ് ടീം 2025 സെപ്റ്റംബറിൽ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും ആലുവയിൽ നടന്ന CABK ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുകയും ചെയ്തു.

ടൂർണമെന്റിൽ പങ്കെടുക്കുന്നതിനായി ടീമിന് പുതിയ ജേഴ്സികൾ വിതരണം ചെയ്തു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ്ബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ വാർഡ് കൗൺസിലർ ശ്രീമതി കരോളിൻ ജേഴ്സി വിതരണം നിർവഹിച്ചു. കാഴ്ചപരിമിതരായ യുവാക്കളുടെ കായിക മികവും ആത്മവിശ്വാസവും വളർത്തുന്നതിനുള്ള ദർശനയുടെ തുടർച്ചയായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പാക്കിയത്.



# ഒമ്പതാമത് പാരാ സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ്

2025 സെപ്റ്റംബർ 13-ന് തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സിൽ നടന്ന ഒമ്പതാമത് കേരള സ്റ്റേറ്റ് പാരാ സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിൽ തൃശ്ശൂർ ജില്ല 224 പോയിന്റ് നേടി ഓവറോൾ ചാമ്പ്യൻമാരായി. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള ഭിന്നശേഷിക്കാരായ കായികതാരങ്ങൾ മത്സരങ്ങളിൽ പങ്കെടുത്തു.

സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫറന്റ്‌ലി എബിൽഡ് ഓഫ് തൃശ്ശൂരിന്റെയും ദർശന സർവീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ നടന്ന മത്സരത്തിൽ ദർശനയുടെ നീന്തൽ താരങ്ങളും ശ്രദ്ധേയ പ്രകടനം കാഴ്ചവച്ചു. ഭിന്നശേഷിക്കാരായ കായികതാരങ്ങളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും മത്സരവേദികൾ ഒരുക്കുന്നതിനുമുള്ള ദർശനയുടെ പ്രവർത്തനങ്ങളുടെ പ്രധാന നേട്ടങ്ങളിലൊന്നായി ഈ വിജയം മാറി.



**TRRAIN ഇൻക്ലൂസീവ് വാക്കത്തോൺ - വേൾഡ് വൈറ്റ് കെയിൻ ദിനാചരണം**

2025 ഒക്ടോബർ 14-ന് വേൾഡ് വൈറ്റ് കെയിൻ ദിനാചരണത്തിന്റെ ഭാഗമായി TRRAIN, ദർശന സർവീസ് സൊസൈറ്റി, തൃശ്ശൂർ ലയൺസ് ക്ലബ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ TRRAIN ഇൻക്ലൂസീവ് വാക്കത്തോൺ സംഘടിപ്പിച്ചു. കാഴ്ചപരിമിതരുടെയും ഭിന്നശേഷിക്കാരുടെയും അവകാശങ്ങൾ, സ്വതന്ത്ര സഞ്ചാരം, സാമൂഹിക ഉൾച്ചേരൽ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണമാണ് പരിപാടിയുടെ ലക്ഷ്യം.

തൃശ്ശൂർ റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ ഹരിശങ്കർ IPS വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി.എസ്. പ്രിൻസ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ചലച്ചിത്രതാരം ശ്രീ ദേവൻ, ശ്രീ ബി.എൻ. നഗരാജ് IFS എന്നിവരുൾപ്പെടെ പ്രമുഖർ പങ്കെടുത്തു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ്ബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. പരിപാടിക്ക് നേതൃത്വം നൽകി.



## Our Lady of Sorrows Group – വിനോദയാത്ര

ദർശന കുടുംബത്തിലെ Our Lady of Sorrows Group അംഗങ്ങൾ 2025 ഒക്ടോബർ 19-ന് റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ നേതൃത്വത്തിൽ കോടനാട് - പണിയെലി പോർ മേഖലകളിലേക്ക് ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. മലയാറ്റൂർ സെന്റ് തോമസ് പള്ളിയിലെ ദിവ്യബലിക്ക് ശേഷമാണ് യാത്ര ആരംഭിച്ചത്.

45-ഓളം അംഗങ്ങൾ പങ്കെടുത്ത യാത്രയിൽ വിവിധ വിനോദപരിപാടികളും കൂട്ടായ്മ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. അംഗങ്ങൾ തമ്മിലുള്ള സൗഹൃദവും ഐക്യവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി. ദർശന സർവീസ് സൊസൈറ്റിയുടെയും ദർശന ക്ലബ്ബിന്റെയും ഭാരവാഹികൾ യാത്രയിൽ പങ്കെടുത്തു

.



# വീൽചെയർ ബാസ്ക്കറ്റ്ബോൾ സൗഹൃദ മത്സരം

2025 ഒക്ടോബർ 23-ന് ഷൊർണൂർ കാർമൽ സ്കൂളിന്റെയും ദർശന സർവീസ് സൊസൈറ്റിയുടെയും ദർശന ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കായി വീൽചെയർ ബാസ്ക്കറ്റ്ബോൾ സൗഹൃദ മത്സരം സംഘടിപ്പിച്ചു. ഇരുപതോളം ഭിന്നശേഷിക്കാർ മത്സരത്തിൽ പങ്കെടുത്തു.

ഇന്റർനാഷണൽ ബാസ്ക്കറ്റ്ബോൾ താരം സ്റ്റെഫി നിക്സൺ പരിപാടി ഉദ്ഘാടനം ചെയ്തു. കാർമൽ സ്കൂൾ പ്രിൻസിപ്പൽ ഡോ. ഫാ. പോൾ ടി.എം.യുടെയും ദർശന സർവീസ് സൊസൈറ്റി സ്ഥാപക ഡയറക്ടർ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെയും നേതൃത്വത്തിൽ നടന്ന മത്സരം ഭിന്നശേഷിക്കാരുടെ കായിക മികവും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായി.



# 25-ാമത് നാഷണൽ പാരാ സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ്

2025 നവംബർ 15 മുതൽ 18 വരെ ഹൈദരാബാദിലെ G.M.C. ബലയോഗി അത്ലറ്റിക് സ്റ്റേഡിയത്തിൽ നടന്ന 25-ാമത് നാഷണൽ പാരാ സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 50 അംഗ സംഘം കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. സംഘത്തിൽ 30 ഭിന്നശേഷിക്കാരായ നീന്തൽ താരങ്ങളും പരിശീലകരും പ്രതിനിധികളും ഉൾപ്പെട്ടിരുന്നു.

ദീർഘകാല പരിശീലനത്തിന്റെയും സംസ്ഥാനതല മത്സരങ്ങളിലെ മികച്ച പ്രകടനങ്ങളുടെയും അടിസ്ഥാനത്തിലാണ് താരങ്ങൾ ദേശീയ മത്സരത്തിന് യോഗ്യത നേടിയത്. ദർശന സർവീസ് സൊസൈറ്റി സ്ഥാപകനും ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ നേതൃത്വത്തിലും മാർഗനിർദേശത്തിലും ഭിന്നശേഷിക്കാരായ കായികതാരങ്ങളുടെ ദേശീയതല പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.



# അഞ്ചാമത് പാരാ അത്‌ലറ്റിക് മീറ്റ് 2025

SADAT, ദർശന സർവീസ് സൊസൈറ്റി, ദർശന ക്ലബ്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ അഞ്ചാമത് പാരാ അത്‌ലറ്റിക് മീറ്റ് 2025 നവംബർ 22-ന് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ സംഘടിപ്പിച്ചു.

തൃശ്ശൂർ ഉൾപ്പെടെ വിവിധ ജില്ലകളിൽ നിന്നുള്ള 50-ഓളം ഭിന്നശേഷി കായികതാരങ്ങൾ മത്സരങ്ങളിൽ പങ്കെടുത്തു. തൃശ്ശൂർ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ സുമേഷ് സി. ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഫാ. ജോളി ആൻഡ്രൂസ് അധ്യക്ഷത വഹിച്ചു.

സമാപന സമ്മേളനത്തിൽ ദർശന സർവീസ് സൊസൈറ്റി സ്ഥാപക ഡയറക്ടറും SADAT പ്രസിഡന്റുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. അധ്യക്ഷത വഹിച്ചു. വിജയികൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.



## Our Lady of Sorrows Group – “Good Hope 2025”

## വാർഷികാഘോഷം

Our Lady of Sorrows Group-ന്റെ അഞ്ചാം വാർഷികാഘോഷമായ “Good Hope 2025” 2025 ഡിസംബർ 14-ന് ഒല്ലൂരിലെ എസ്.ഡി. കോൺവെന്റിൽ സംഘടിപ്പിച്ചു. റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ ശ്രീമതി സരിത രവീന്ദ്രൻ, ശ്രീമതി ജയാ ടി.ജെ., ഫാ. പ്രകാശ് പുത്തൂർ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

പരിപാടിയുടെ ഭാഗമായി കലാപരിപാടികൾ, അവാർഡ് വിതരണം, ഭിന്നശേഷിക്കാർക്കും നിർധനരായ വിധവകൾക്കും ധനസഹായവും ക്രിസ്മസ് സമ്മാന വിതരണവും നടന്നു. ദർശന സർവീസ് സൊസൈറ്റിയുടെയും ദർശന ക്ലബ്ബിന്റെയും നേതൃത്വത്തിൽ 150-ഓളം പേർ പരിപാടിയിൽ പങ്കെടുത്തു.



# പുത്തൂർ സൂവോളജിക്കൽ പാർക്ക് സന്ദർശനം

ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി തൃശ്ശൂർ പുത്തൂർ സൂവോളജിക്കൽ പാർക്കിലേക്ക് പ്രത്യേക സന്ദർശനം സംഘടിപ്പിച്ചു. ഭാഗിക കാഴ്ചപരിമിതർ, വീൽചെയർ ഉപയോക്താക്കൾ, പൊക്കം കുറഞ്ഞവർ, വിധവകളായ അമ്മമാർ ഉൾപ്പെടെ 25-ഓളം പേർ പരിപാടിയിൽ പങ്കെടുത്തു.

റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ നേതൃത്വത്തിലും ദർശന ക്ലബ്ബ് പ്രസിഡന്റ് ശ്രീ സാജു ജോണിന്റെയും കോർഡിനേറ്റർ ശ്രീ ജിസ്റ്റോയുടെയും സഹകരണത്തോടെയുമാണ് സന്ദർശനം നടന്നത്. സൂവോളജിക്കൽ പാർക്ക് അധികൃതരുടെ പ്രത്യേക പിന്തുണയോടെ സംഘടിപ്പിച്ച പരിപാടി പങ്കെടുത്തവർക്ക് വേറിട്ട അനുഭവവും സന്തോഷവും സമ്മാനിച്ചു.



# 15-ാമത് കേരള സ്റ്റേറ്റ് പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് - ഓവറോൾ ചാമ്പ്യൻമാർ

തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന 15-ാമത് കേരള സ്റ്റേറ്റ് പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 268 പോയിന്റ് നേടി തൃശ്ശൂർ ജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. തൃശ്ശൂരിൽ നിന്നുള്ള 55-ഓളം കായികതാരങ്ങൾ വിവിധ ട്രാക്ക്, ഫീൽഡ് ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചു.

ദർശന സർവീസ് സൊസൈറ്റിയുടെയും സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫറൻ്റ്ലി ഏബിൾഡ് ഓഫ് തൃശൂർ (SADAT) യുടെയും നേതൃത്വത്തിൽ കായികതാരങ്ങൾ മത്സരങ്ങളിൽ പങ്കെടുത്തു. DSS, DC, SADAT സ്ഥാപക ഡയറക്ടർ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ., SADAT കോ-ഓർഡിനേറ്റർ സീമ എൻ. തോമസ്, ദർശന ക്ലബ്ബ് പ്രസിഡന്റ് ശ്രീ സാജു ജോൺ എന്നിവർ ടീമിന് നേതൃത്വം നൽകി.



# പാര അത്‌ലറ്റിക് താരങ്ങൾക്ക്
# തൃശ്ശൂർ സ്പോർട്സ് കൗൺസിലിന്റെ ആദരം

15-ാമത് കേരള സ്റ്റേറ്റ് പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഓവറോൾ കിരീടം നേടിയ തൃശ്ശൂർ ജില്ലയിലെ ഭിന്നശേഷി കായികതാരങ്ങളെ തൃശ്ശൂർ സ്പോർട്സ് കൗൺസിൽ ആദരിച്ചു. തൃശ്ശൂർ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ സുമേഷ് സി.യുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സെക്രട്ടറി ശ്രീ രാജേന്ദ്രൻ മുഖ്യാതിഥിയായി പങ്കെടുത്തു.

റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ. സ്വാഗതം ആശംസിച്ച ചടങ്ങിൽ ഓവറോൾ കിരീടം നേടിയ 27 താരങ്ങൾക്ക് മൊമെന്റോകൾ നൽകി ആദരിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം ശ്രീ സാംബശിവൻ, വൈസ് പ്രസിഡന്റ് ശ്രീ അഖിൽ, കോർഡിനേറ്റർ കുമാരി സീമ എൻ. തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# ഭിന്നശേഷി മക്കളുടെ ആദ്യ മാരത്തോൺ പങ്കാളിത്തം

തൃശ്ശൂർ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച “ഓടാം നടക്കാം” പരിപാടിയുടെ ഭാഗമായി നടന്ന 5 കിലോമീറ്റർ ഫാമിലി ഫൺ റണ്ണിൽ ദർശന സർവീസ് സൊസൈറ്റിയുടെ ഭിന്നശേഷി മക്കൾ ആദ്യമായി പങ്കെടുത്തു. 2026 ജനുവരി 10-ന് നടന്ന പരിപാടിയിൽ തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ ഐ.എ.എസ്. ഫ്ലാഗ് ഓഫ് നിർവഹിച്ചു.

ദർശന സർവീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ., കുമാരി സിനി കെ. സെബാസ്റ്റ്യൻ, ശ്രീ. സൈജോ എന്നിവർ പങ്കെടുത്തു. ഭിന്നശേഷി മക്കളുടെ ആത്മവിശ്വാസവും സാമൂഹിക ഉൾച്ചേരലും പ്രോത്സാഹിപ്പിക്കുന്നതിൽ ഈ പരിപാടി ശ്രദ്ധേയമായി.





# ഹല്ലേലുയ്യ സ്നേഹ കൂട്ടായ്മ വാർഷികം 2026

ദർശന സർവ്വീസ് സൊസൈറ്റിയോടൊപ്പം പ്രവർത്തിക്കുന്ന ഹല്ലേലുയ്യ സ്നേഹ കൂട്ടായ്മയുടെ വാർഷികാഘോഷം 2026 ജനുവരി 10-ന് മരത്താക്കരയിലെ പ്രൊവിഡൻസ് ഹോമിൽ സംഘടിപ്പിച്ചു.

റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ CMI അധ്യക്ഷത വഹിച്ച ചടങ്ങ് വികാരി ജനറൽ റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. അസീസി പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സിസ്റ്റർ ഫോൺസി മരിയ FCC മുഖ്യാതിഥിയായി പങ്കെടുത്തു.

വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ കുട്ടികളുടെ കലാപരിപാടികളും സ്നേഹവിരുന്നും അരങ്ങേറി. ശ്രീ. ലിപീഷ് ചിറയത്തിന്റെ നന്ദിപ്രസംഗത്തോടെ വാർഷികാഘോഷം സമാപിച്ചു.



# സാമൂഹ്യ സേവന പ്രവർത്തനങ്ങൾ അടുത്തറിഞ്ഞ് വിദ്യാർത്ഥികൾ

2026 ജനുവരി 23-ന് തൃശ്ശൂർ കോലാഴി ചിന്മയ മിഷൻ കോളേജിലെ BSW, MSW വിദ്യാർത്ഥികൾ ഒല്ലൂരിലെ ദർശന ഭവൻ സന്ദർശിച്ചു. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സാമൂഹ്യ ഉൾക്കൊള്ളലിനുമായി ദർശന സർവ്വീസ് സൊസൈറ്റി നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി.

ദർശന സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപക ഡയറക്ടർ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ CMI, ദർശന ക്ലബ്ബ് പ്രസിഡന്റ് സാജു ജോൺ, മാനേജർ ഷിനി ഫ്രാൻസിസ്, കോ-ഓർഡിനേറ്റർ ജിസ്റ്റോ എന്നിവർ വിദ്യാർത്ഥികളുമായി സംവദിച്ചു.

സാമൂഹ്യ സേവന രംഗത്തെ പ്രവർത്തനങ്ങളും വെല്ലുവിളികളും നേരിട്ട് മനസ്സിലാക്കാൻ സന്ദർശനം സഹായകമായതായി വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.



# ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് പദ്ധതി - മൂന്നാംഘട്ടം ആരംഭിച്ചു

ദർശന സർവീസ് സൊസൈറ്റിയും തൃശ്ശൂർ ജില്ലാ മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഭിന്നശേഷിക്കാർക്ക് അഡാപ്റ്റഡ് വാഹന ഡ്രൈവിംഗ് ലൈസൻസ് പദ്ധതിയുടെ മൂന്നാംഘട്ടം 2026 ജനുവരി 29-ന് മുണ്ടൂർ നിർമ്മൽ ജ്യോതി സ്കൂളിൽ ആരംഭിച്ചു.

ഉദ്ഘാടനം ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റ് റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ CMI നിർവഹിച്ചു. പ്രിൻസിപ്പൽ റവ. സിസ്റ്റർ മേഴ്സി പോൾ SD അധ്യക്ഷത വഹിച്ചു.

എംവിഡി ഉദ്യോഗസ്ഥർ ലേണിംഗ് ടെസ്റ്റിന് നേതൃത്വം നൽകി, 8 പേർ വിജയിച്ച് സർട്ടിഫിക്കറ്റ് നേടി. ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസും നടന്നു.

പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ 50-ലധികം പേർക്ക് ലൈസൻസ് ലഭിച്ചിരുന്നു. ഭിന്നശേഷിക്കാർക്ക് സ്വയംപര്യാപ്തത ലക്ഷ്യമാക്കി പദ്ധതി മുന്നോട്ട് പോകുന്നു.



# ദർശന സർവീസ് സൊസൈറ്റി തിരുഹൃദയ ഗ്രൂപ്പ് ഏകദിന യാത്ര

ദർശന സർവീസ് സൊസൈറ്റിയുടെ തിരുഹൃദയ ഗ്രൂപ്പ് 2026 ഫെബ്രുവരി 3-ന് സംഘടിപ്പിച്ച ഏകദിന യാത്ര അംഗങ്ങൾക്കിടയിൽ സൗഹൃദവും സന്തോഷവും നിറഞ്ഞ അനുഭവമായി.

യാത്രയുടെ ഭാഗമായി തൃശ്ശൂർ ശോഭാ സിറ്റി സന്ദർശിക്കുകയും തുടർന്ന് സിനിമാ ദർശനവും നടത്തി. 50-ലധികം അംഗങ്ങൾ പങ്കെടുത്ത യാത്ര കൂട്ടായ്മയും പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായി.

റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ CMI, മാനേജർ ഷിനി ഫ്രാൻസിസ്, ദർശന ക്ലബ് പ്രസിഡന്റ് സാജു ജോൺ, PRO പിയൂസ് കോട്ടപ്പുറം, ജോയൽ, ജിസ്റ്റോ, ഫാ. ജോസ് അക്കരക്കാരൻ CMI, ഫാ. ആന്റോ കാരോക്കാരൻ CMI, ഫാ. ഡേവിസ് ആലപ്പാട്ട് CMI എന്നിവർ പങ്കെടുത്തു.

തിരുഹൃദയ ഗ്രൂപ്പ് ലീഡേഴ്സ് ലില്ലി ആറ്റത്തറ, ലീന എം.ജെ നാട്ടിക എന്നിവരും സന്നിഹിതരായിരുന്നു. ജോയ് ആലുക്കസിലെ ജോളി ജോയ് മാഡത്തിനും ബീന ഡേവിസിനും ദർശന സർവീസ് സൊസൈറ്റി നന്ദി രേഖപ്പെടുത്തി.



# ദർശന കലാമികവ് 2026 - ഭിന്നശേഷി കലോത്സവം

ദർശന സർവീസ് സൊസൈറ്റിയും നവജ്യോതി കോളേജ് ഓഫ് ടീച്ചർ എജുക്കേഷൻ ഫോർ വിമൺ, ഒളരിക്കരയും സംയുക്തമായി സംഘടിപ്പിച്ച "ദർശന കലാമികവ് 2026" ഭിന്നശേഷി കലോത്സവം 2026 ഫെബ്രുവരി 21-ന് നവജ്യോതി കോളേജിൽ വിജയകരമായി നടന്നു.റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ CMI അധ്യക്ഷത വഹിച്ചു. തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ കലോത്സവം ഉദ്ഘാടനം ചെയ്തു. ബിഷപ്പ് മാർ ടോണി നീലങ്കാവിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.ഏകദേശം 70-ഓളം ഭിന്നശേഷി മത്സരാർത്ഥികൾ ലളിതഗാനം, നൃത്തം, കഥാപ്രസംഗം, ചിത്രരചന തുടങ്ങിയ 10 ഇനങ്ങളിൽ പങ്കെടുത്തു. ലിജോ എം.ജെ കലാപ്രതിഭയായും സംഗീത വി.എസ് കലാതിലകമായും തെരഞ്ഞെടുക്കപ്പെട്ടു.ദർശന ക്ലബ്ബ് പ്രസിഡന്റ് സാജു ജോൺ, മാനേജർ ഷിനി ഫ്രാൻസിസ്, വൈസ് പ്രസിഡന്റ് വിപിൻ വർഗീസ്, സെക്രട്ടറി റിൻസി ജെ. പുളിക്കൻ, കോർഡിനേറ്റർമാർ ജോയൽ, ജിസ്റ്റോ എന്നിവർ നേതൃത്വം നൽകി.

പരിപാടിയോടനുബന്ധിച്ച് സൗജന്യ നേത്രപരിശോധന ക്യാമ്പും നടന്നു.



# 7th National Para Badminton Championship

07/03/2026-ന് തെലങ്കാനയിലെ Heartfulness Gopichand Badminton Academy-യിൽ നടന്ന 7th National Para Badminton Championship-ൽ ദർശന സർവീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് രണ്ട് താരങ്ങൾ പങ്കെടുത്തു.

സിനി കെ. സെബാസ്റ്റ്യനും തിരുവനന്തപുരം സ്വദേശിനി രഞ്ജിനി അനീഷും ദേശീയതല മത്സരത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള താരങ്ങളോടൊപ്പം മത്സരിച്ചു.

ദർശന സർവീസ് സൊസൈറ്റി സ്ഥാപക ഡയറക്ടർ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ CMI യുടെ നേതൃത്വത്തിലാണ് ടീമിന്റെ പങ്കാളിത്തം ഉറപ്പാക്കിയത്. Muthoot Group ന്റെ സഹകരണവും പിന്തുണയായി.

ടീം അംഗം സിബിൻ എം. പി. പുതുരുത്തിയും സംഘത്തോടൊപ്പം സജീവമായി സഹകരിച്ചു.

ദേശീയ പാര ബാഡ്മിന്റൺ രംഗത്ത് ദർശനയുടെ സാന്നിധ്യം ശ്രദ്ധേയമായി.



# DREAM TWENTY TWENTY-FIVE – കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് & കമ്പ്യൂട്ടർ പരിശീലന പദ്ധതി

ദർശന സർവീസ് സൊസൈറ്റി, EH അക്കാദമി, ചാഴൂർ ഫൗണ്ടേഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കായി “DREAM TWENTY TWENTY-FIVE” എന്ന ആറുമാസത്തെ നൈപുണ്യ വികസന പരിശീലന പദ്ധതി 2025 സെപ്റ്റംബർ 19-ന് ദർശന ഭവനിൽ ആരംഭിച്ചു. ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റും ദർശന ക്ലബ് ഡയറക്ടറുമായ റവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ.യുടെ അധ്യക്ഷതയിൽ ശ്രീ ജോയ് ചാഴൂർ പദ്ധതി ഉദ്ഘാടനം ചെയ്തു.

EH അക്കാദമിയുടെ സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതിയിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും കമ്പ്യൂട്ടർ പരിശീലനവും ഉൾപ്പെടുത്തി 30 ഭിന്നശേഷിക്കാർക്ക് പരിശീലനം നൽകി. പരിശീലനത്തിന്റെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും 2026 മാർച്ച് 26-ന് ദർശന ഭവനിൽ നടന്നു. ഭിന്നശേഷിക്കാരായ വ്യക്തികളുടെ തൊഴിൽ സാധ്യത, ആശയവിനിമയശേഷി, സാങ്കേതിക നൈപുണ്യം എന്നിവ വർധിപ്പിക്കുന്നതിന് പദ്ധതി സഹായകമായി.



- **2025 – 2026 ലെ ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സിജോൺ കേച്ചേരിക്ക്**
- **ദർശന സർവീസ് സൊസൈറ്റിക്ക് 2025-ൽ 12AB, 80G, CSR-1 എന്നീ അംഗീകാരങ്ങൾ ലഭിച്ചു.**

ദർശന സർവ്വീസ് സൊസൈറ്റി വിവിധങ്ങളായ ലക്ഷ്യങ്ങൾക്ക് വേണ്ടി വിവിധങ്ങളായിട്ടുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും എല്ലാ ഗ്രൂപ്പിന്റെയും മീറ്റിങ്ങുകൾ 2മാസത്തിൽ ഒരിക്കൽ നടത്തിവരികയും ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ ഒക്കെ ഏറ്റവും മേൽത്തരമായി മുന്നേറുകയും ചെയ്തുകൊണ്ടിരിക്കുന്നു.

- **ദർശന സിമ്മിംഗ് ടീം**
- **ദർശന വീൽചെയർ ബാസ്കറ്റ്ബോൾ ടീം**
- **ഗ്ലോറിയ ഗ്രൂപ്പ്**
- **തിരുഹൃദയ ഗ്രൂപ്പ്**
- **മാർഗ്ഗദർശികളുടെ കൂട്ടായ്മ**
- **അവർ ലേഡി ഓഫ് സോറോസ്**
- **ദർശനാ ലിറ്റിൽ ബ്രദറൻ ഗ്രൂപ്പ്**
- **ഏതൻ ഗ്രൂപ്പ്**
- **പഠന കളരി**
- **ദർശന യൂട്യൂബ് ചാനൽ**

സംസ്ഥാന ദേശിയ തലങ്ങളിൽ ശ്രദ്ധയമായികൊണ്ടിരിക്കുവാണ് ദർശന സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഓരോ വർഷവും പുതുമായർന്ന ഈവെന്റുകൾ സംഘടിപ്പിച്ച് പൊതുമേഖലകളിൽ ദർശനയുടെ സാന്നിധ്യം ഊർജമാക്കുന്നു... ദർശനയുടെ കൈത്താങ്ങ് എന്നും എല്ലാവരിലേക്കും എത്തിച്ചേരും വരും വർഷങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി ഒറ്റപ്പെട്ടുപോകുന്ന ഒരു ഭിന്നശേഷി സമൂഹത്തെ ലോകത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ ദർശന സർവീസ് സൊസൈറ്റി പരിശ്രമിക്കും